687

5/1.2-

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - പഠനം ഇടയ്ക്ക് വച്ച് നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക ഈടാക്കി വരുന്നത് ഒഴിവാക്കി അവർ അടച്ച ട്യൂഷൻഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലെ ഒന്നാമത്തെ വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ടും ഇതിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(കൈ)നം.38/2018/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 30.01.2018**

---

പരാമർശം: 29/12/2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.319/2017/ഉ.വി.വ.

**ഉത്തരവ്**

പഠനം ഇടയ്ക്ക് വച്ച് നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക ഈടാക്കി വരുന്നത് ഒഴിവാക്കി അവർ അടച്ച ട്യൂഷൻഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

i. 2017-18 അധ്യയന വർഷം മുതൽ പ്രവേശനം നേടിയവർക്ക് AICTE യുടെ അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്കിൽ (2017-18) നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം അടച്ച ഫീസും വിടുതൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

ii. 2017-18 അധ്യയന വർഷത്തിന് മുമ്പ് പ്രവേശനം നേടിയവരിൽ ഇതിനകം വിടുതൽ സർട്ടിഫിക്കറ്റ് കൈപ്പറ്റിയവരുടെ വിഷയം ഇനി പുന:പരിശോധിക്കുന്നതല്ല. 2017-18 അധ്യയന വർഷത്തിന് മുമ്പ് പ്രവേശനം നേടിയവർ ഇനി വിടുതൽ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ അവർക്ക് മുമ്പ് നിലവിലുണ്ടായിരുന്ന നിയമപ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കേണ്ടതില്ല. എന്നാൽ അവർക്ക് അതുവരെ അടച്ച ഫീസ് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കില്ല.

iii. ഐ. എച്ച്. ആർ. ഡി യുടെ കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പോളിടെക്നിക്ക് കോളേജ്, ടി.എച്ച്.എസ്.എസ് എന്നിവയിൽ പഠിക്കുന്ന കുട്ടികൾക്കു കൂടി മുകളിൽ പറഞ്ഞിട്ടുള്ള 1 മുതൽ 2 വരെയുള്ള നിബന്ധനകൾ ബാധകമായിരിക്കും.

iv. മേൽ വ്യവസ്ഥകൾ പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേന പ്രവേശനം നടത്തുന്ന എല്ലാ സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ, എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് ബാധകമായിരിക്കും.

2.മേൽ വ്യവസ്ഥകൾ പ്രവേശനപരീക്ഷാ കമ്മീഷണർ മുഖേന പ്രവേശനം നടത്തുന്ന എല്ലാ സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ, എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് ബാധകമാക്കിയിരുന്നെങ്കിലും ഇവ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ബാധകമാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 18.01.2018 ൽ കൂടിയ യോഗത്തിൽ കേരള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി ഇക്കാര്യം ചർച്ച ചെയ്യുകയും പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ബാധകമാക്കാനും പരാമർശം ഉത്തരവിലെ ക്രമ നമ്പർ (i) ലെ വ്യവസ്ഥ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചു.

.....2.

685

i. 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നവർക്ക്, പ്രവേശനം അവസാനിപ്പിക്കുന്ന തീയതിക്ക് ശേഷം വിടുതൽ നേടുന്നതിന് AICTE നിബന്ധനകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ ഇവർക്ക് തൻ വർഷത്തെ ഫീസ് തിരികെ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ ക്രമ നമ്പർ (i) ലെ വ്യവസ്ഥ താഴെപറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ടും ഇതിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

i. 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നവർക്ക്, പ്രവേശനം അവസാനിപ്പിക്കുന്ന തീയതിക്ക് ശേഷം വിടുതൽ നേടുന്നതിന് AICTE നിബന്ധനകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ ഇവർക്ക് തൻ വർഷത്തെ ഫീസ് തിരികെ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ജയിംസ് രാജ്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രവേശനപരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം.
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/മഹാത്മഗാന്ധി സർവ്വകലാശാല, കോട്ടയം/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, എറണാകുളം/കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ.
സെക്രട്ടറി, കേരള സ്വാശ്രയ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, വികാസ് നഗർ, എൻ.എച്ച്. ബൈപ്പാസ്, മരട്. പി. ഒ, കൊച്ചി – 682304.
സെക്രട്ടറി, കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, രാജഗിരി വാലി. പി. ഒ, കൊച്ചി -682039.
സെക്രട്ടറി, ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, ഡി.ജി. കോളേജ് ഓഫ് ആർക്കിടെക്ചർ, ചേലമ്പ്ര, പുള്ളിപ്പറമ്പ. പി. ഒ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

P.T.O

**Endorsement No. DA1/17649/2016/HRD** **Dated: 05.02.2018**

Copy communicated to all head of associate institutions under IHRD for further necessary action.

**Sd/-**
**DIRECTOR**

Copy to,

1. All head of Associate institutions under IHRD
2. S.F/ O.C

**Approved for issue**

**Senior Superintendent**

Pr.18.07.2018